പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4928 26.06.2019-ലെ മറുപടിക്ക്

# മുണ്ടക്കയം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

| ചോദ്യം<br>ശ്രീ. പി.സി. ജോർജ് | | മറുപടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മുണ്ടക്കയം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) | മുണ്ടക്കയം സബ് ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കുതിനാവശ്യമായ മരാമത്ത് പണികൾ ബഹു. എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, ഡിപ്പോ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.<br><br>മുണ്ടക്കയം ടൗണിൽ നിന്നും അര കിലോമീറ്റർ മാത്രം മാറിയാണ് ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ കൂടുതൽ യാത്രക്കാർ എത്തിച്ചേരുന്നത് പഞ്ചായത്ത് സ്റ്റാൻഡിലാണ്. നിലവിൽ പഞ്ചായത്ത് സ്റ്റാൻഡിൽ ഒരു സ്റ്റേഷൻമാസ്റ്ററെ നിയോഗിച്ചിട്ടുമുണ്ട്. ഒരേ സമയം രണ്ട് ബസ് സ്റ്റാൻഡുകളും ഉപയോഗിച്ച് കോർപ്പറേഷൻ വക ബസ്സുകൾ സർവ്വീസ് നടത്തുന്നത് അപ്രായോഗികവും വരുമാന നഷ്ടം വരുത്തുകയും ചെയ്യുമെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഒരു സ്ഥലത്ത് കെ.എസ്.ആർ.ടി.സി സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് ഓഫീസ് പ്രവർത്തനക്ഷമമാകണമെങ്കിൽ കുറഞ്ഞത് പ്രതിമാസം 50 ലക്ഷം രൂപയെങ്കിലും ആവർത്തന ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. നിലവിലെ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സ്ഥിതിയിൽ പുതിയ അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നത് അഭികാമ്യമല്ലാത്തതിനാലാണ് മുണ്ടക്കയം ആസ്ഥാനമാക്കി പുതിയ സബ്ബ് ഡിപ്പോ ആരംഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കാത്തത്. |
| (ബി) | എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മുണ്ടക്കയം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 69 ലക്ഷം രൂപ അനുവദിച്ച പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ? | (ബി) | ബഹു.എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നനുവദിച്ച 69 ലക്ഷം രൂപയുപയോഗിച്ച് സബ് ഡിപ്പോയുടെ പ്രവർത്തനത്തിനാവശ്യമായ വിവിധ മരാമത്ത് പണികൾ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**